


Vol. 3, Issue No. 7 | JUBILEE MISSION MEDICAL COLLEGE & RESEARCH INSTITUTE | JULY 2017

## Editor's Desk

സ്നേഹമുള്ളവരേ,

**ജൂ**ലൈ മാസം നമ്മെ എതിരേൽക്കുന്നത് കോരിച്ചൊരിയുന്ന മഴയിലൂടെയാണ്. കോരിച്ചൊരിയുന്ന ഈ മഴയത്ത് കഴിഞ്ഞുപോയ മാസങ്ങളിലെ വരൾച്ചയോ ബുദ്ധിമുട്ടുകളോ നാം ഓർക്കുന്നില്ല. 'എല്ലാം കടന്നുപോകുന്നു' എന്ന സാമാന്യ തത്വം ഊട്ടിയുറപ്പിച്ചുകൊണ്ടു വേനൽക്കാലവും അതിന്റെ ക്രൗര്യവും നാം മറന്നു കളഞ്ഞു. പക്ഷെ പ്രകൃതി കനിഞ്ഞേകുന്ന ജലത്തെ സംരക്ഷിക്കാനുള്ള ബാധ്യത നമ്മെ വിട്ടുപോകുന്നില്ല എന്ന് ഓർമ്മിപ്പിക്കട്ടെ. കാരണം, വെള്ളം ജീവന്റെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്.

ജീവന്റെ കാവൽക്കാർ ആയി നമ്മോടൊപ്പമുള്ള ഡോക്ടർമാരെ ആദരിക്കുന്ന Doctor's Day ആഘോഷിച്ചുകൊണ്ട് ജൂലൈ മാസം നാം ആരംഭിക്കുക.ജീവന്റെ മൂല്യം തങ്ങളുടെ ജീവിതത്തിലൂടെ പ്രസംഗിക്കുന്ന, ജീവൻ നിലനിർത്താൻ അഹോരാത്രം പരിശ്രമിക്കുന്ന നമ്മുടെ ഡോക്ടർമാർ ദൈവത്തോടൊപ്പം പ്രതിഷ്ഠിക്കപ്പെടേണ്ടവരാണ്. ജീവൻ സൃഷ്ടിച്ചവന്റെ പാത സവിശേഷമായ തരത്തിൽ പിൻതുടർന്ന് നമ്മുടെ ഈ ലോകത്തിൽ ജീവസാന്നിദ്ധ്യങ്ങൾ ആകാൻ അവർ കാണിക്കുന്ന പരിശ്രമങ്ങൾക്ക് വിലയിടാതെ അവരുടെ സേവനത്തിന് നമുക്ക് നന്ദിയുള്ളവരാകാം.

ഈശ്വരന്റെ ജീവസ്പർശം നമ്മിലേക്ക് പകർന്നു നൽകുന്ന ജീവന്റെ കരങ്ങളെ ബഹുമാനിക്കാനും സ്നേഹിക്കാനും നമുക്ക് സാധിക്കട്ടെ. ഒറ്റപ്പെട്ട സംഭവങ്ങളെ പെരുപ്പിച്ചുകാട്ടാതെ മനുഷ്യ നന്മയ്ക്കുവേണ്ടി ജീവിതം ഉഴിഞ്ഞുവച്ച ബഹുഭൂരിപക്ഷം വരുന്ന വൈദ്യസമൂഹത്തെ നമുക്ക് നന്ദിയോടെ ഓർക്കാം.

ജൂബിലി മിഷൻ ആശുപത്രിയിലെ എല്ലാ ഡോക്ടർമാർക്കും ആശംസകൾ നേർന്നുകൊണ്ട്,

**ഫാ. സിജോ ചെറുവത്തൂർ**
എഡിറ്റർ

## അഭിനന്ദനങ്ങൾ



M. G. സർവ്വകലാശാലയുടെ MHA പരീക്ഷയിൽ രണ്ടാം റാങ്ക് ലഭിച്ച സിസ്റ്റർ മരിയറ്റ.
HR Department Staff ആണ്.

## അഭിനന്ദനങ്ങൾ

എമർജൻസി മെഡിസിൻ വിഭാഗം റോഡ് സുരക്ഷാ വാരത്തിന്റെ ഭാഗമായി നടത്തിയ മുദ്രാവാക്യം മത്സരത്തിൽ, ഇംഗ്ലീഷ് വിഭാഗത്തിൽ ഒന്നാം സമ്മാനം, റിസർച്ച് കോർഡിനേറ്റർ - ഡോ. പി. ആർ. വർഗ്ഗീസിന് ലഭിച്ചു. 'Apply brain and break; avoid tears'; എന്നതായിരുന്നു മുദ്രാവാക്യം.

മലയാളവിഭാഗത്തിൽ ഒന്നാം സമ്മാനം, യൂറോ ഓപ്പറേഷൻ തിയ്യേറ്റർ ഇൻചാർജ്ജ് - സിസ്റ്റർ ലളിതയ്ക്ക് ലഭിച്ചു. 'പയ്യെ പോയാൽ പലനാൾ താണ്ടാം' - എന്നതായിരുന്നു മുദ്രാവാക്യം.

## റിസർച്ച് ഗൈഡുമാർ

കേരള ആരോഗ്യ സർവ്വകലാശാല (KUHS) ജൂബിലിയിൽനിന്നും അഞ്ച് അംഗങ്ങളെ കൂടി PhD ഗൈഡുമാരായി അംഗീകരിച്ചു.

1. ഡോ. സുശീല ജേക്കബ്ബ് ഇന്ന (ട്രാൻസ്ഫ്യൂഷൻ മെഡിസിൻ)
2. ഡോ. പല്ലവി പഞ്ചു (കമ്മ്യൂണിറ്റി മെഡിസിൻ)
3. ഡോ. റോസ് സേവ്യർ (പീഡിയാട്രിക്സ്)
4. ഡോ. ഏയ്ഞ്ചല ജ്ഞാനദുരൈ (നേഴ്സിങ്ങ് കോളേജ്)
5. ഡോ. സി. ട്രീസ ആന്റോ (നേഴ്സിങ്ങ് കോളേജ്)

ഇതോടുകൂടി ജൂബിലിയിൽ 22 ഗൈഡുമാർ പ്രവർത്തിക്കുന്നു.

## ലോക ആസ്തമാദിനം ആചരിച്ചു

ലോക ആസ്തമാദിനത്തോടനുബന്ധിച്ച് ജൂബിലിയുടെ പൾമണോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ ആസ്തമ അവബോധ സെമിനാറും സൗജന്യ ശ്വാസകോശ രോഗനിർണ്ണയ പരിശോധനയും നടത്തി.

## ജേർണൽ ക്ലബ്ബ്

ജൂബിലി ജേർണൽ ക്ലബ്ബിന്റെ 16-ാമത് യോഗം മെയ് 17-ന് ന്യൂ CCM ഹാളിൽ നടന്നു. നിയോനേറ്റോളജി വിഭാഗം മേധാവി ഡോ. വി. സി. മനോജ് പ്രബന്ധം അവതരിപ്പിച്ചു. സിസേറിയൻ പ്രസവത്തിൽ ജനിക്കുന്ന കുട്ടികളെക്കാൾ പ്രതിരോധശേഷി സാധാരണ പ്രസവത്തിൽ ജനിക്കുന്ന കുട്ടികൾക്കുണ്ടെന്ന നിഗമനം അദ്ദേഹം വിശദീകരിച്ചു. (Partial restoration of the microbiota of cesarean - born infants via vaginal microbial transfer) Nature Medicine എന്ന പ്രസിദ്ധീകരണത്തിലുള്ള ന്യൂയോർക്ക് യൂണിവേഴ്സിറ്റിയിൽനിന്നുള്ള ലേഖനമാണ് അദ്ദേഹം അവതരിപ്പിച്ചത്.

തുടർന്ന് നടന്ന ചർച്ചയിൽ ഡോ. സുശീല ജേക്കബ്ബ് ഇന്ന, ഡോ. മാത്യു ജോൺ എന്നിവർ പങ്കെടുത്തു.

## പയ്യെ പോയാൽ പലനാൾ താണ്ടാം

നാലാമത് യു. എൻ. അന്താരാഷ്ട്ര റോഡ് സുരക്ഷാവാരാചാരണം ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ വിപുലമായ പരിപാടികളോടെ ആഘോഷിച്ചു. പരിപാടിയുടെ ഉദ്ഘാടനം മെഡിക്കൽ സൂപ്രണ്ട് ഡോ. സി. വി. ആൻഡ്രൂസ് നിർവ്വഹിച്ചു. പരിപാടിയുടെ ഭാഗമായി പോലീസ് സേനാംഗങ്ങൾ ആക്റ്റ്സ് വളണ്ടിയർമാർ, ജൂനിയർ റെഡ് ക്രോസ് അംഗങ്ങൾ എന്നിവരടങ്ങിയ നൂറോളം പേർക്ക് റോഡ് സുരക്ഷയെക്കുറിച്ചും, പ്രഥമശുശ്രൂഷയെക്കുറിച്ചും ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ എമർജൻസി മെഡിസിൻ വിഭാഗത്തിലെ ഡോക്ടർമാരും, NATPAC ടീമംഗങ്ങളും ക്ലാസെടുത്തു.

## കൊച്ചുമിടുക്കർക്ക് അഭിനന്ദനങ്ങൾ :

**2016 – 2017ൽ നടന്ന SSLC പരീക്ഷയിൽ**
**എല്ലാ വിഷയങ്ങളിലും A + നേടിയവർ**



**1. സ്വാതി കെ. ബാബുരാജ്** - ലോൺട്രി വിഭാഗത്തിലെ ശ്രീമതി സന്ധ്യാ ബാബുരാജിന്റെ മകൾ. JMJEMHS, അത്താണി വിദ്യാർത്ഥിനി



**2. രാഹുൽ രവി** - കേറ്ററിംഗ് വിഭാഗത്തിലെ ശ്രീ. രവി കെ. എൻ. - ന്റെ മകൻ. കാൽഡിയൻ HSS വിദ്യാർത്ഥി.

## സർവ്വകലാശാല ഗവേഷണം

കോയമ്പത്തൂർ കാരുണ്യ സർവ്വകലാശാല വൈസ് ചാൻസിലർ ഡോ. സുന്ദർ മനോഹരൻ ജൂൺ 3-ന് ജൂബിലി സന്ദർശിച്ച് ഗവേഷണ സഹകരണത്തിനുള്ള മാർഗ്ഗങ്ങൾ ചർച്ച ചെയ്തു. IIT - യിൽനിന്നുള്ള ശാസ്ത്രജ്ഞരും അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നു. ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്, ഡോ. ബെന്നി ജോസഫ്,. ഫാ. ടിജോ മുള്ളക്കര, ഡോ. സുശീല ജേക്കബ്ബ് ഇന്ന, ഡോ. പി. എ. വർഗ്ഗീസ്, ഡോ. പ്രശാന്ത് വർക്കി, ഡോ. പ്രദ്യോത് എം. കെ. എന്നിവർ ഉൾപ്പെടെ ധാരാളം ജൂബിലി അംഗങ്ങളും ചർച്ചയിൽ പങ്കെടുത്തു.



## ലോകവയോജന ചൂഷണ വിരുദ്ധ മാസാചരണം

**എന്താണ് വയോജനചൂഷണം?**ഒരു പ്രവൃത്തി മൂലമോ, ഉപേക്ഷ മൂലമോ, വൃദ്ധജനത്തിന് വിശ്വസ്ത കരങ്ങളിൽ നിന്നും അർഹിക്കുന്ന സഹായം ലഭിക്കാത്തതുകൊണ്ടുണ്ടാകുന്ന ഏതൊരു ബുദ്ധിമുട്ടിനേയും വയോജനചൂഷണം എന്നുപറയുന്നു.

**സാമ്പത്തിക ചൂഷണം-** അവശവൃദ്ധജനങ്ങളുടെ സ്വത്തുവകകൾ അനധികൃതമായി കൈവശപ്പെടുത്തുന്നതും ദുരുപയോഗം ചെയ്യുന്നതും.

**ഗുരുതര അവഗണന-** സംരക്ഷണ ഉത്തരവാദിത്തം ഏൽപ്പിച്ചവൻ അതിൽ വരുത്തുന്ന അനാസ്ഥ

**മാനസിക പീഡനം-** ഒരു മുതിർന്ന പൗരന് മനോവേദനയുണ്ടാക്കുന്ന ഏതൊരു വാക്കോ പ്രവൃത്തിയോ

**ശാരീരിക പീഡനം-** അടിസ്ഥാന ആവശ്യങ്ങളായ ഭക്ഷണം, മരുന്ന് എന്നിവ നിഷേധിക്കുന്നതും, ദേഹോപദ്രവം ഏൽപ്പിക്കുന്നതും.

**ലൈംഗിക പീഡനം-** സമ്മതപ്രകാരമല്ലാത്ത ഏതൊരു ലൈംഗിക പ്രവൃത്തിയും.

## WELCOME TO JUBILEE FAMILY

| | | |
|---|---|---|
| **ANAESTHESIA** | | |
| 1 AMMU A G | 2 SRUTHY P T | 3 Dr. JOY JOSEPH |
| 4 Dr. KESLEY ELSA KURIACHAN | | |
| **AUXILIARY NURSING** | | |
| 5 ANNAMARY S X | 6 BINCY K BENNY | 7 ANASWARA M R |
| 8 SIMI VINOD | 9 NIMMY C S | |
| **CANTEEN** | | |
| 10 BOBY JOSEPH | 11 BINCY BINOY | 12 BABY M B |
| 13 KUNJUMOL JOSEPH | 14 LUDHIYA PAUL | 15 MINI BABY |
| 16 LEELAMMA BABU | 17 LEVI SHAJI | 18 NEENU PUSHPAJAN |
| 19 NISHA MANOJ | 20 LEENA BIJU | 21 PRIYA P S |
| 22 RAJI DINESH | 23 SHAJU M P | 24 VALSA VINNY |
| 25 VARGHESE A V | 26 FINANTO KEETTIKKA | |
| 27 RATHEESH K S | 28 RAJI SURAN | 29 SHAINTY T S |
| 30 SASI M | 31 SAROJINI V A | 32 VARGHESE T V |
| 33 ADITHYAN ARAVINDAKSHAN | | 34 HANEEFA C |
| 35 PRAVEEN P C | 36 SHAIBY BABU | |
| **CARDIAC SURGERY** | | |
| 37 Dr. JOSEPH SACHIN | 38 Dr. MARY FRANCIS | |
| **COUNTER** | | |
| 39 NEETHU PAUL | 40 ANU JIJI | 41 ANITTA SMC |
| **ELECTRONIC DATA PROCESSING** | | |
| 42 RIJO RAPPAI | 43 SAJESH K K | |
| **EMERGENCY MEDICINE** | | |
| 44 Dr. LERIN LAWRENCE | 45 Dr. DEO MATHEW | |
| 46 Dr. ARIN ELIZA SUNNY | | |
| **ENT** | | |
| 47 Dr. THARA ROY | 48 Dr. DIVYA AMBOOKEN | |
| **GENERAL** | | |
| 49 NELSON JOSE | 50 MARIYA THERESA | |
| 51 CHINTHAMALLA SREENU | | |
| **GENERAL SURGERY** | | |
| 52 Dr. JACOB ANTONY CHAKIATH | | 53 Dr. ARUN P |
| **JUBILEE MISSION COLLEGE OF NURSING** | | |
| 54 JANCY J | 55 DEBBY LINDA | 56 PRINCY ANTONY |
| **MAINTENANCE** | | |
| 57 JINTO N J | 58 ALEX JOSE | |
| **MC MICROBIOLOGY** | | |
| 59 MEERA C L | 60 Dr. RESHMA BHASKARAN | |
| **MEDICINE** | | |
| 61 Dr. HARIKRISHNAN M P | | |
| 62 Dr. NADEEMU RAHMAN ABDUL RAHMAN | | |
| **NURSING** | | |
| 63 FEMI K P | 64 SEEMOL BABU | 65 MELJY JOHNSON |
| 66 BESTYMOL BABY | 67 VINCY VINCENT M | 68 NANDINI K |
| 69 LINDA MATHEWS | 70 LIMNA C I | 71 JINCY VINCENT |
| 72 JINI DITTO | 73 SHALU MATHEW | 74 ELBY MARIYA B |
| 75 BINI M A | 76 SILJI K J | 77 RESHMA M R |
| 78 AMRUTHA R R | 79 KALA P K | 80 LAYANA G NATH |
| 81 RIYA PAUL | 82 SONA C S | 83 SEENU JOSE |
| 84 BRIJIT P B | 85 KRIPA BABU | 86 SEENA P W |
| 87 ANN JULIA CMC | 88 ANJU JOSE | 89 ANJU P V |
| 90 ANU KURIAN | 91 BINI BABY | 92 BINU BABY |
| 93 JINGLE GEORGE | 94 JOMCY JOHNY | 95 JOSMY P J |
| 96 PRASASYA C R | 97 SANTY V A | 98 SONY BABY |
| 99 TEENA MARY THOMAS | 100 TESNI JO THOMAS | |
| 101 SEETHU P PALAYOOR | 102 SEENA P V | |
| **OBSTETRICS & GYNAECOLOGY** | | |
| 103 Dr. SARANNYA P SASIKUMAR | 104 Dr. JULIYA JOHN | |
| 105 Dr. AISWARIA SOMASUNDARAN | | |
| **OPHTHALMOLOGY** | | |
| 106 Dr. AISWARYA SASIDHARAN | 107 Dr. ARINO JOHN | |
| **ORTHOPAEDICS** | | |
| 108 Dr. KEVIN PAUL SEBASTIAN | 109 Dr. SHERY VALSAN | |
| **PAEDIATRICS** | | |
| 110 Dr. ROSE JOLLY PALLITHANAM | | |
| 111 Dr.NAMITHA HAREENDRAN | | |
| **PSYCHIATRY** | | |
| 112 Dr. JOHN MATHAI P | 113 Dr. RENCY RAJ RAJAN | |
| 114 Dr. MEREEZA JOSEPH | | |
| **RADIOLOGY** | | |
| 115 Dr. PONNI JOSE KAROOR | 116 Dr. DIVYA ACMA GEORGE | |
| **TRANSFUSION MEDICINE** | | |
| 117 Dr. JENY ELIZABETH GEORGE | 118 Dr. ASHA J | |

| | | |
|---|---|---|
| 119 | REJEESHA P R | Ayurveda |
| 120 | AKHIL VINAYAK C N | BIOMEDICAL |
| 121 | PRAVEEN T V | C S S D |
| 122 | NIMA P PREMAN | Cardiology |
| 123 | RESHMA P K | Central Laboratory |
| 124 | FRANCIS V A | Engineering Wing |
| 125 | Dr. ANOOP JOSE ALAPPAT | Geriatrics |
| 126 | REYNAL DIMPLE | H R D |
| 127 | Dr. RUCHIKA THADICAREN MC | Forensic Medicine |
| 128 | Dr. ROSE SUNNY THOLATH | Neonatology |
| 129 | Dr. AMEESH MOHAMED | Neurology |
| 130 | Dr. JIJO GEORGE | Neurosurgery |

## ചെമ്മീൻ വട

**ആവശ്യമുള്ള സാധനങ്ങൾ**

1. ചെമ്മീൻ – 1/2 കി.ഗ്രാം
2. പച്ചമുളക് – 6 എണ്ണം　　ഇഞ്ചി – ചെറിയ കഷണം
   വെളുത്തുള്ളി – 20 ഗ്രാം　　വേപ്പില – 1 കതിർ
3. മഞ്ഞൾപൊടി – 1/2 സ്പൂൺ　　മുളക്പൊടി–1/2 സ്പൂൺ
   മസാലപൊടി – 1/2 സ്പൂൺ　　ഉപ്പ് – ആവശ്യത്തിന്

**തയ്യാറാക്കുന്ന വിധം**

ചെമ്മീൻ തൊലി കളഞ്ഞ് നന്നായി കഴുകി രണ്ടാമത്തെ ചേരുവകൾ ചെറുതായി അരിഞ്ഞ് മിക്സിയിലിട്ട് അരച്ചെടുക്കുക (നന്നായി അരയരുത്). ഇതിലേക്ക് മൂന്നാമത്തെ ചേരുവകൾ മിക്സ് ചെയ്ത് ചെറിയ ഉരുളകളാക്കി വട രൂപത്തിൽ വെളിച്ചെണ്ണയിൽ വറുത്തെടുക്കാവുന്നതാണ്.

**മിസ്സിസ് ഷിജി ജെസ്സോ,** *റിസർച്ച് വിഭാഗം*



# ആയുർവ്വേദം കാലാതീതം 17

മഴക്കാലം വീണ്ടും പനിക്കാലമായി മാറി. മലയാളികൾ കൂട്ടത്തോടെ ആശുപത്രിയിലേക്ക്. വിവിധതരം പനികൾ. ജനങ്ങൾ ആശങ്കയിൽ. ഇതിനൊരു പരിഹാരമില്ലേ? ഓരോ പ്രദേശങ്ങൾ പൂർണമായും ഡെങ്കിപ്പനിക്ക് കീഴ്പ്പെടുന്ന കാഴ്ച്ചയാണ് ഇത്തവണ നമുക്ക് കാണാൻ കഴിയുന്നത്. ഈ സാഹചര്യത്തിൽ പനിചികിത്സയിൽ ആയുർവ്വേദത്തിന് എന്തെങ്കിലും സംഭാവന നൽകാനുണ്ടോ എന്ന് ചിന്തിക്കുന്നത് നല്ലതാണ്. പലപ്പോഴും രോഗികൾ ചോദിക്കാറുണ്ട് ഡെങ്കിപ്പനിക്ക് ആയുർവ്വദത്തിൽ മരുന്നുണ്ടോ എന്ന്.

ഡെങ്കിപ്പനിക്ക് മാത്രമല്ല ലോകത്തിലെ ഏതുതരം പനിക്കും ആയുർവ്വേദത്തിൽ മരുന്നുണ്ട്. മറ്റേത് രോഗത്തേക്കാൾ വിവിധതരം പനികൾക്കുള്ള ചികിത്സ ആയുർവ്വേദത്തിൽ ഏറ്റവും വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ഏത് തരം പനിയാണെങ്കിലും ആയുർവ്വേദം അതിനെ വാതം, പിത്തം, കഫം എന്നിങ്ങനെ തരം തിരിച്ചാണ് ചികിത്സിക്കുന്നത്. ഉദാഹരണത്തിന് ഡെങ്കിപ്പനിയിൽ പിത്തം ആണ് വർദ്ധിച്ചിരിക്കുന്നത്. അതിനാൽ പിത്തത്തെ കുറയ്ക്കുന്ന മരുന്നുകൾകൊണ്ട് വളരെ പെട്ടെന്നു തന്നെ രോഗം മാറുന്നു്. ഇത്തരം രോഗികൾ കുരുമുളക്, തുളസി തുടങ്ങിയ ഔഷധങ്ങൾ കഴിക്കുന്നത് രക്തസ്രാവം വർദ്ധിപ്പിക്കുന്നു. അതേസമയം ബിരിയാണി കഴിച്ചതിനുശേഷം ദഹനക്കേടുകൊണ്ടുണ്ടാകുന്ന പനിയിൽ ചുക്ക്, കുരുമുളക്, തുളസി എന്നിവയുടെ പ്രയോഗം രോഗശമനം ഉണ്ടാക്കുന്നതാണ്. വിവിധതരം പനികളുടെ ധാരാളം അവസ്ഥകൾ പരാമർശിക്കുന്നുണ്ടെങ്കിലും ഗവേഷണങ്ങളുടെ അഭാവം മൂലം ഇന്ന് പ്രയോഗത്തിലില്ലാതായി.

'അപരാജിത ധൂമം' എന്ന പേരിൽ പുകയ്ക്കാനൊരു മരുന്ന് ആയുർവ്വേദ മരുന്നുകടകളിൽ ലഭ്യമാണ്. ഈ മരുന്നിനെകുറിച്ച് ധാരാളം ഗവേഷണങ്ങൾ നടത്തിയിട്ടുണ്ട്. ഈ മരുന്ന് പുകയ്ക്കുന്ന സ്ഥലങ്ങളിൽ കാര്യമായ പകർച്ചവ്യാധികൾ ഉണ്ടാകില്ല എന്നുള്ളത് നിസ്തർക്കമാണ്. വർഷകാലത്ത് ഭൂമിയിലെ അമ്ലത്വം വർദ്ധിക്കുന്നതാണ് ഇത്തരം പനികളുടെ അടിസ്ഥാന കാരണം – അതിനാൽ പുളിപ്പുള്ള ഭക്ഷണസാധനങ്ങൾ അച്ചാറുകൾ, ബേക്കറി പലഹാരങ്ങൾ എന്നിവ ഒഴിവാക്കേണ്ടതാണ്.

'വില്വാദി ഗുളിക' എന്ന മരുന്ന് സ്ഥിരമായി കഴിച്ചവരിൽ ഡെങ്കിപ്പനി പോലെയുള്ള രോഗങ്ങൾ വന്നുകണ്ടില്ല. മാനസിക സമ്മർദ്ദങ്ങൾകൊണ്ടും കൃമികൾകൊണ്ടുമെല്ലാം പനി വരാവുന്നതാണ്. അതിനാൽ കാരണങ്ങൾക്കനുസരിച്ച ചികിത്സയാണ് വേണ്ടത്. ആവശ്യമായ രക്തപരിശോധനകൾ എല്ലായ്പ്പോഴും ചെയ്യേണ്ടതാണ്. ശാസ്ത്രീയ അടിത്തറയോടു കൂടി ശരിയായ ആയുർവ്വേദ ചികിത്സ ചെയ്താൽ വളരെ പെട്ടെന്നുതന്നെ പനികൾ ശമിക്കുന്നതാണ്.

**ഡോ. അനുമോദ് കാക്കശ്ശേരി** (എം.ഡി. ആയുർവ്വേദം)
സീനിയർ കൺസൽട്ടന്റ്, ജൂബിലി ആയുർവ്വേദ

## അഭിനന്ദനങ്ങൾ



തൃശ്ശൂർ പൂരം എക്സിബിഷനിൽ ഏറ്റവും മികച്ച മെഡിക്കൽ പവലിയനുള്ള ഒന്നാം സമ്മാനം ജൂബിലി മിഷൻ നേടി.



**കേരള ആരോഗ്യസർവ്വകലാശാലയിൽ ഖോ ഖോ സംസ്ഥാനതല മത്സരത്തിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കിയ ജൂബിലി മിഷൻ കോളേജ് ഓഫ് നേഴ്സിങ്ങ് ടീം.**

## MEDICAL CAMPS

### ജൂബിലി മിഷൻ ആശുപത്രി മെഡിക്കൽ ക്യാമ്പുകൾ നടത്തി



1. CSI ഓൾ സെയിന്റ്സ് പള്ളി പാരിഷ് ഹാളിൽ വെച്ച് 10–ാം തിയ്യതി നേത്രരോഗ ചികിത്സാ ക്യാമ്പ് നടത്തി. ജൂബിലി നേത്രരോഗ ചികിത്സാ വിഭാഗം ക്യാമ്പിൽ 110 രോഗികളെ പരിശോധിച്ചു.



2. മുല്ലക്കര SYS സാന്ത്വന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ആറാംകല്ല് മുസ്ലീം പള്ളിയിൽ കാൻസർ രോഗ നിർണ്ണയ ക്യാമ്പ് നടത്തി. ജൂബിലിയുടെ ഓങ്കോളജി വിഭാഗം 113 രോഗികളെ ക്യാമ്പിൽ പരിശോധിച്ചു.




3. ലൂർദ്ദ് കത്തീഡ്രൽ ദേവാലയത്തിൽ പ്രൊഫഷനൽ CLCയുടെ ആഭിമുഖ്യത്തിൽ ജൂബിലി മിഷൻ ആശുപത്രി ഹൃദ്രോഗ പരിശോധനാ ക്യാമ്പ് നടത്തി. 119 രോഗികൾ പങ്കെടുത്തു.

**Editorial Board** : Fr. Sijo Cheruvathoor | Fr. Tijo Joy | Dr. Benny Joseph | Dr. Aswath | Mr. Baby | Mr. Devassy | Mr. Vinu | Mr. Noble | Mr. Anto Twinkle | Ms. Suma Paul
Ms. Deepa Tom | Ms. Raki K. V. | Ms. Nicy Antony | Ms. Chippy | Ms. Greeshma | Ms. Dinu